**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1899** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഓരോ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എമാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ സംബന്ധിച്ച് അന്തിമലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഒരു കളിക്കളത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; പൂർണമായും കായിക വകുപ്പിന്റെ ഫണ്ടാണോ ഇതിനായി ചെലവഴിക്കുന്നത്; എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22 ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തു കൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും, ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ |

| | | | |
|---|---|---|---|
| | | | ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്ലറ്റ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ